# Desabhimani
# 23 July 2018
# Thiruvananthapuram, Heavy Rain, Relief Camps

മഴക്കെടുതി

## ദുരിതാശ്വാസ ക്യാമ്പിൽ 25169 കുടുംബങ്ങൾ

**തിരുവനന്തപുരം**

കനത്ത മഴയെ തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തുറന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത് 25169 കുടുംബങ്ങൾ. മഴയുടെ ശക്തികുറഞ്ഞതിനെ തുടർന്ന് വെള്ളംതാഴ്ന്നതോടെ ചിലയിടങ്ങളിൽ കുടുംബങ്ങൾ ക്യാമ്പുകൾ വിടാനാരംഭിച്ചു. കഴിഞ്ഞദിവസം വരെ 31000 കുടുംബങ്ങൾ ക്യാമ്പുകളിലുണ്ടായിരുന്നു. 97119 പേരാണ് നിലവിൽ 574 ക്യാമ്പുകളിലായുള്ളത്. മഴ കനത്ത നാശം വിതച്ച ആലപ്പുഴ ജില്ലയിൽ മാത്രം 263 ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. 64651 ആളുകളാണ് ക്യാമ്പിലുള്ളത്.

ഇതുവരെ സംസ്ഥാനത്തൊട്ടാകെ കാലവർഷക്കെടുതിയിൽ 124 പേർ മരിച്ചു. 11 പേരെ ഇനിയും കണ്ടുകിട്ടാനുണ്ട്. 265 കോടിയുടെ കൃഷിനാശമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വീടിനും കൃഷിക്കുമുണ്ടായ നഷ്ടം 356 കോടിയാണ്. മറ്റു നാശനഷ്ടങ്ങൾകൂടി കൂട്ടുമ്പോൾ നഷ്ടം ഇതിലേറെയാകും. കെഎസ്ഇബിയുടെമാത്രം നഷ്ടം 25 കോടിയിലധികമാണ്. 11218 വീടുകൾ ഭാഗികമായും 409 വീടുകൾ പൂർണമായും തകർന്നു.